ഡോ. സനന്ദ് സദാനന്ദൻ

# ഇസ്രായേലിന് കൈയടിക്കുന്ന മലയാളി

മറ്റേതൊരു ഇന്ത്യൻ ജനസമൂഹങ്ങളെക്കാളും ആഗോളപൗരന്മാരാണ് മലയാളികൾ. ഈ ബന്ധം ചരിത്രപരവുമാണ്. യവനരും ചീനന്മാരും പോർച്ചുഗീസും ഡച്ചും ബ്രിട്ടീഷുകാരും മറ്റുകച്ചവടക്കാരുമായ കച്ചവട, രാഷ്ട്രീയ ബന്ധങ്ങൾ ഇതിന് അടിത്തറപാകി. സദ്ദാംഹുസൈനെ അമേരിക്ക തൂക്കിക്കൊന്നപ്പോൾ അദ്ദേഹത്തിന്റെ ജന്മനാടായ തിക്രിത്തിലല്ല കേരളത്തിലാണ് ഹർത്താൽ നടന്നത്. പോളണ്ടിനെപറ്റി പറയാതെ പറഞ്ഞ് ശീതയുദ്ധ രാഷ്ട്രീയം കേരളത്തോളം മറ്റൊരു ഇന്ത്യൻ സംസ്ഥാനവും പറഞ്ഞു കാണില്ല. കമ്യൂണിസത്തെ എതിർക്കുന്നവരും അനുകൂലിക്കുന്നവരും എന്ന രണ്ട് വിഭാഗങ്ങളായി ലോകത്തെ വിഭജിക്കാം എന്ന് ശീതയുദ്ധസമയത്ത് വ്യാഖ്യാനിച്ചിരുന്ന കണക്കെ കേരളത്തിലും ആഭ്യന്തര രാഷ്ട്രീയ സംവാദങ്ങൾക്കും സംഘർഷങ്ങൾക്കും എന്നും ആഗോളവിഷയങ്ങൾ കാരണമായിനിന്നു. അടുത്തകാലം വരെ ഈ ചർച്ചയിലൊക്കെ കേരളത്തിന് പാർട്ടി വ്യത്യാസമില്ലാതെ ഒരു ഫലസ്തീൻ ചായ്‌വ് ഉണ്ടായിരുന്നു. എന്നാൽ അന്താരാഷ്ട്രീയതയുടെ പുതിയ വലതുപക്ഷ സൈബർ ഇടത്തിൽ ഇതിന് വൻവ്യതിയാനമാണ് സംഭവിച്ചിരിക്കുന്നത്. ഇസ്രായേൽ സന്ദേഹത്തിന്റെ രാഷ്ട്രീയം പരിശോധിക്കുകയാണ് ഈ ലേഖനത്തിൽ.

## പൊരുതുന്ന ഫലസ്തീൻ

1983-ൽ ഇതേ പേരിൽ ഒരു പുസ്തകം പ്രസിദ്ധീകരിച്ചത് കോൺഗ്രസ് നേതാവായിരുന്ന മുൻമന്ത്രി എ. സുജനപാലാണ്. ഗാന്ധിയും നെഹ്റുവും പറഞ്ഞുവെച്ച ഫലസ്തീൻ അനു